"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - തൃശ്ശൂർ കുന്നംകുളത്തെ 'ഇക്കോ ടൂറിസം പ്രോജക്ട് അറ്റ് കലാശമല' - ഇക്കോ ടൂറിസം പദ്ധതിക്ക് ഭൂമി ഏറ്റെടുക്കലിനു പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.85/2025/TSM തീയതി,തിരുവനന്തപുരം, 17-02-2025

---

പരാമർശം:-

1. 02.11.2019 ലെ സ. ഉ(സാധാ) നം.376/2019/TSM.
2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 14.05.2023 തീയതിയിലെ പി - 5/5595/2019 നമ്പർ കത്ത്
3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.01.2024 തീയതിയിലെ DOT/12037/2023-PSനമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് നടപ്പാക്കുന്ന കലശമല ഇക്കോ ടൂറിസം പദ്ധതിക്ക് പരാമർശം (1) പ്രകാരം 10,00,00,000/- രൂപ (10 കോടി രൂപ മാത്രം) യുടെ പുതുക്കിയ ഭരണാനുമായി നൽകി ഉത്തരവായിരുന്നു.

എന്നാൽ ടി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് അധിക തുക ചിലവാകുമെന്നും ഭരണാനുമതി തുകയായ പത്തു കോടി രൂപയിൽ നിന്നും പദ്ധതി എസ്റ്റിമേറ്റ് അധികരിക്കുമെന്നും, ആയതിനാൽ 12,24,70,050/- (പന്ത്രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്തിനായിരത്തി അൻപത് രൂപ മാത്രം ) രൂപയുടെ പുതുക്കിയ ഭരണാനുമതി ടി പദ്ധതിക്കായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) (3) എന്നിവ പ്രകാരം അഭ്യർത്ഥിച്ചിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ് അനുവദിക്കുന്നതല്ല എന്നതിനാൽ മേൽപ്പറഞ്ഞ തുകയിൽ നിന്നും കണ്ടിജൻസി ചാർജ് ആയ 50 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ 11,74,70,050/-(പതിനൊന്ന് കോടി എഴുപ്പതിനാല് ലക്ഷത്തി എഴുപത്തിനായിരത്തി അൻപത് രൂപ) രൂപയുടെ പുതുക്കിയ ഭരണാനുമതി തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് നടപ്പാക്കുന്ന കലശമല ഇക്കോ ടൂറിസം പദ്ധതിക്ക് നൽകി ഉത്തരവാകുന്നു.

നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പദ്ധതി നിർവഹണത്തിൽ കർശനമായി പാലിക്കേണ്ടതും ചെലവ് **'5452 - 01 - 101 - 99 - 00 - 34 - 03 - അടിസ്ഥാന സൗകര്യങ്ങളുടെ മറ്റു സൗകര്യങ്ങളുടെ വികസനവും നിലവാരം ഉയർത്തലും പി (വി)'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിന് തുക ആവശ്യമുള്ള സാഹചര്യത്തിൽ

അധിക തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടികൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
2.ഡയറക്ടർ, ഇക്കോ ടൂറിസം, വിനോദ സഞ്ചാര ഡയറക്ടറേറ്റ്,തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
5. സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം - 695010
6 ധനകാര്യ (വ്യയം - ബി vide U.O Note No.1304097/വ്യയം-എ - ബി3/474/2019- ധന) വകുപ്പ്
7. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ3/177/2023-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 17-02-2025 17:09:22
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്